ഉത്തരം

(എ) തമ്പാനൂർ നിന്നും 28 ഓർഡിനറി സർവ്വീസുകളും, 12 ഫാസ്റ്റ് സർവ്വീസും, കിഴക്കേകോട്ടയിൽ നിന്നും 63 ഓർഡിനറി സർവ്വീസുകളും, പേരൂർക്കടയിൽ നിന്നും 9 ഓർഡിനറി സർവ്വീസ്സുകളും രാത്രി 9.45-നും 12-നും ഇടയിൽ സർവ്വീസ് നടത്തുന്നു.

(ബി) ഇവയിൽ വെഞ്ഞാറമൂട് വഴി 5 സർവ്വീസും, നെടുമങ്ങാട്ടേയ്ക്ക് 3-ഉം, അരുവിക്കരയിലേക്ക് ഒന്നും, കഴക്കൂട്ടത്തേക്ക് ആറും, കാട്ടാക്കടയിലേക്ക് മൂന്നും സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(സി) ഇക്കാര്യം ആവശ്യമെന്നുകണ്ടാൽ പരിഗണിക്കുന്നതാണ്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഈടു നൽകിയ ആസ്തികൾ

81 [2118] ശ്രീ. കെ. ബാബു:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.യുടെ ആസ്തികൾ അതിന് വായ്പയെടുക്കുന്നതിനുവേണ്ടി ഈടുകൊടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ഈടുകൊടുത്ത ആസ്തികൾ ഗവൺമെന്റ് അവയ്ക്ക് കൈമാറ്റം ചെയ്തു കൊടുത്തവയാണോ; അതോ അതിന്റെ സ്വന്തം ചെലവിൽ അക്വയർ ചെയ്തവയാണോ എന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ കെ. എസ്. ആർ. ടി. സി.യുടെ എന്തെല്ലാം ആസ്തികൾ എത്ര രൂപയ്ക്ക് പണയപ്പെടുത്തിയിട്ടുണ്ട് എന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ടു തരത്തിലുള്ള വസ്തുക്കളുമുണ്ട്.

(സി) 288.97 കോടി രൂപയുടെ വായ്പകൾക്ക് ഈടായി കാലടി വില്ലേജിലെ എടപ്പാളിൽ സർവ്വേ നമ്പർ 265/1ബി-യിൽ 54.74 ഏക്കറും, നേമം വില്ലേജിലെ (സെൻട്രൽ വർക്സ്, പാപ്പനംകോട്) സർവ്വേ നമ്പർ 117/2-ൽ 23.64 ഏക്കറും (ആകെ 78.38 ഏക്കർ) പ്രഥമ ചാർജ്ജ് ആയി കെ. ടി. ഡി. എഫ്. സി. യ്ക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly